# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1031** **30.10.2019 ലെ മറുപടി**

## കോതമംഗലം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി അടക്കമുള്ള പഞ്ചായത്തുകളിലും, കോതമംഗലം മുൻസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽകാലത്ത് ഉണ്ടാകുന്ന കുടിവെള്ള ക്ഷാമവും, വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവോലിച്ചാൽ, വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ ; | (എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി അടക്കമുളള പഞ്ചായത്തുകളിലും, കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്തുണ്ടാകുന്ന വരൾച്ചയും, കുടിവെളള ക്ഷാമവും പരിഹരിക്കുന്നതിനു വേണ്ടി വിഭാവനം ചെയ്തതാണ് ആവോലിച്ചാൽ, വല്ലാൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. പെരിയാറിൽ നിന്നും ഏകദേശം 8 കി.മി. ദൂരത്തുളള കോതമംഗലം പുഴയിലേക്ക് വേനൽക്കാലത്ത് വെളളം പമ്പ് ചെയ്ത് ഈ പുഴയിലേക്കുളള കേരളവാട്ടർ അതോറിറ്റി പദ്ധതികൾക്ക് ജലലഭ്യത ഉറപ്പാക്കാൻ ഉദ്ദേശിച്ചിട്ടുളളതായതിനാലും വാട്ടർ അതോറിറ്റി പൊതുമരാമത്ത്, ഇറിഗേഷൻ, വനം എന്നീ വകുപ്പുകൾ ഉൾപ്പെടുന്നതിനാലും വിശദമായ പഠനം നടത്തിയതിനു ശേഷം മാത്രമേ ഡി.പി.ആർ തയ്യാറാക്കാൻ സാധിക്കുകയുളളു. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ബന്ധപ്പെട്ട ഡി.പി.ആർ. (DPR ) തയ്യാറാക്കുന്നതിന് വേണ്ടി എൻവിയോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് (EIA) പഠനത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) വിശദമായ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കുവാനും എൻവിയോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് (ഇ.ഐ.എ) പഠനത്തിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുളളു. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങളിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കുകയും ഫോറസ്റ്റിന്റെ അനുമതി ലഭിക്കുന്നതിനായി കത്ത് നല്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോതമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലെ കർഷകർക്കും സാധാരണക്കാർക്കും വലിയ പ്രയോജനം ലഭ്യമാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | വിശദമായ സാധ്യതപഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ എടുക്കാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**